**Athmaraksha.org**

ജപമാല

## ദൈവപിതാവിനോടുള്ള ജപമാല



**ദൈവപിതാവിനോടുള്ള പ്രാർത്ഥനകൾ - ദൈവം, എന്റെ പിതാവ്...!**

''സ്വർഗ്ഗസ്ഥനായ എന്റെ പിതാവേ, അങ്ങ് എന്റെ പിതാവും, ഞാൻ അങ്ങയുടെ ഒരു കുഞ്ഞുമാണെന്ന അറിവ് എത്ര മധുരതരം! പ്രത്യേകിച്ചും, എന്റെ ആത്മാവിന്റെ ആകാശങ്ങൾ മേഘാവൃതവും, എന്റെ കുരിശ് ഭാരമേറിയതുമാണെന്ന് അറിയുമ്പോൾ, 'പിതാവേ അങ്ങേക്ക് എന്നോടുള്ള സ്നേഹത്തിൽ ഞാൻ വിശ്വാസമർപ്പിക്കുന്നു' എന്ന് ആവർത്തിക്കേണ്ടതുണ്ടെന്ന് ഞാനറിയുന്നു.

ജീവിതത്തിന്റെ എല്ലാ വിനാഴികകളിലും അങ്ങ് എന്റെ പിതാവാണെന്നും, ഞാൻ അങ്ങയുടെ കുഞ്ഞാണെന്നും ഞാൻ വിശ്വസിക്കുന്നു.... അനന്തസ്നേഹംകൊണ്ട് അങ്ങ് എന്നെ സ്നേഹിക്കുന്നുവെന്നും ഞാൻ വിശ്വസിക്കുന്നു.... രാപകൽ അങ്ങ് എന്നെ ശ്രദ്ധിക്കുന്നു; എനിക്ക് കാവൽ നിൽക്കുന്നു. അങ്ങയുടെ അനുമതികൂടാതെ എന്റെ ഒരു തലമുടിപോലും കൊഴിയുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.... എനിക്കു നല്ലതെന്താണെന്ന്, എന്നെക്കാൾ നന്നായി അങ്ങയുടെ അനന്തജ്ഞാനംകൊണ്ട് അങ്ങറിയുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.... തിന്മയിൽനിന്നുപോലും നന്മയുളവാക്കാൻ അനന്തശക്തിയാൽ അങ്ങേക്ക് കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു... എന്റെ മുറിവുകളുണക്കുന്ന അങ്ങയുടെ കരം ഞാൻ ചുംബിക്കട്ടെ! ഞാൻ വിശ്വസിക്കുന്നു. എന്നിലെ വിശ്വാസവും ശരണവും സ്നേഹവും വർദ്ധിപ്പിക്കേണമേ.... ജീവിതത്തിന്റെ ഓരോ സന്ദർഭത്തിലും എന്നെ നയിക്കുന്ന അങ്ങയുടെ സ്നേഹം മനസ്സിലാക്കാൻ എന്നെ പഠിപ്പിക്കണമേ.... കുഞ്ഞ് അമ്മയുടെ കൈകളിലെന്നതു പോലെ, എന്നെ അങ്ങേക്കു സമർപ്പിക്കാൻ എന്നെ പഠിപ്പിക്കണമേ.... പിതാവേ, അങ്ങ് എല്ലാം അറിയുന്നു; കാണുന്നു; എന്നെ, എന്നെക്കാൾ നന്നായി അറിയുന്നതും അങ്ങുതന്നെ.

പിതാവേ, ഞങ്ങൾ എപ്പോഴും അങ്ങയിലേക്കു തിരിയണം എന്നത് അങ്ങയുടെ ആഗ്രഹമാണ്. അതുകൊണ്ട്, യേശുവിനോടും പരിശുദ്ധമറിയത്തോടും ചേർന്ന് വിശ്വാസത്തോടെ അങ്ങയോട് അപേക്ഷിക്കുന്നു....... (ഉദ്ദിഷ്ടകാര്യം അപേക്ഷിക്കുക) ..... ഈ

നിയോഗത്തിനായും, എന്റെ ഹൃദയത്തെ അവരുടെ തിരുഹൃദയങ്ങളോട് ഒന്നിപ്പിക്കുന്നതിനായും ഞാൻ എന്റെ പ്രാർത്ഥനകളും പരിത്യാഗങ്ങളും ആശയടക്കങ്ങളും പ്രവൃത്തികളും അങ്ങേക്ക് കാഴ്ച വയ്ക്കുന്നു. ആമേൻ!"

## ദൈവപിതാവിന്റെ പ്രേഷിതത്വത്തിനുവേണ്ടിയുള്ള പ്രാർത്ഥന

"ദൈവിതാവേ, എല്ലാ മനുഷ്യരും അങ്ങയെ അറിയുകയും സ്നേഹിക്കുകയും പ്രത്യേക ഭക്തിയാൽ ബഹുമാനിക്കുകയും ചെയ്യുക എന്ന പ്രേക്ഷിതത്വത്തെ ആശീർവ്വദിക്കുകയും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യണെ! എല്ലാം ക്രമീകരിക്കുകയും, ഹൃദയങ്ങളെ സജ്ജീകരിക്കുകയും, വാക്കുകളെ വിശുദ്ധീകരിക്കുകയും, പ്രവർത്തനങ്ങളെ അനുഗ്രഹിക്കുകയും, അങ്ങനെ അങ്ങയുടെ തിരുഹിതം നിറവേറ്റുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമെ.... ദൈവപിതാവേ, ഞങ്ങൾ അങ്ങയെ സവിശേഷമാംവിധം അനുഭവിച്ചറിയുകയും സ്നേഹിക്കുകയും ബഹുമാനിക്കുകയും സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു.... ആമേൻ....ആമേൻ" (1 സ്വർഗ്ഗ.. 1 നന്മ. 1 ത്രിത്വ)

## ദൈവപിതാവിനോടുള്ള ജപമാല

ദൈവപിതാവേ അങ്ങയെ ഞാൻ...
ആരാധിക്കുന്നു സ്തുതിക്കുന്നു...
ജീവനും എന്റെ സർവ്വസ്വവും....
അങ്ങേ മുൻപിലണച്ച് കുമ്പിടുന്നു...

എന്റെ നല്ല പിതാവേ, എന്നെ മുഴുവനായി അങ്ങേക്ക് ഞാൻ സമർപ്പിക്കുന്നു... എന്റെ പ്രിയപ്പെട്ട കാവൽക്കാരാ, ആരേക്കുറിച്ചുള്ള സ്നേഹമാണോ എന്നെ ഇവിടെ എത്തിച്ചിരിക്കുന്നത്, ആ ദൈവത്തിന്റെ മാലാഖേ, ഇന്നുമുതൽ എന്റെയൊപ്പം ഉണ്ടാകണമെന്നും എന്നെ പ്രകാശിപ്പിക്കുകയും നയിക്കുകയും ഭരിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്നും ഞാൻ അപേക്ഷിക്കുന്നു.

### ഒന്നാമത്തെ ദിവ്യരഹസ്യം

ഏദൻതോട്ടത്തിൽ, ആദത്തിന്റെയും ഹവ്വായുടേയും പാപത്തിനുശേഷം, കർത്താവിന്റെ ആഗമനം വാഗ്ദാനം ചെയ്ത ദൈവപിതാവിന്റെ വിജയത്തെക്കുറിച്ച് ധ്യാനിക്കുക...

കർത്താവായ ദൈവം സർപ്പത്തോടു പറഞ്ഞു: "ഇതു ചെയ്തതുകൊണ്ട് നീ എല്ലാ കന്നുകാലികളുടേയും വന്യമൃഗങ്ങളുടേയുമിടയിൽ ശപിക്കപ്പെട്ടതായിരിക്കും. നീ മണ്ണിൽ ഇഴഞ്ഞു നടക്കും. ജീവിതകാലം മുഴുവൻ പൊടിതിന്നും. നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാലിൽ പരുക്കേൽപ്പിക്കും." (ഉൽ 3:14-15)

(1നന്മ, 10 സ്വർഗ്ഗ, 1 ത്രിത്വ)

എന്റെ നല്ല പിതാവേ, എന്നെ മുഴുവനായി അങ്ങേക്ക് ഞാൻ സമർപ്പിക്കുന്നു... എന്റെ പ്രിയപ്പെട്ട കാവൽക്കാരാ, ആരേക്കുറിച്ചുള്ള സ്നേഹമാണോ എന്നെ ഇവിടെ എത്തിച്ചിരിക്കുന്നത്, ആ ദൈവത്തിന്റെ മാലാഖേ, ഇന്നുമുതൽ എന്റെയൊപ്പം ഉണ്ടാകണമെന്നും എന്നെ പ്രകാശിപ്പിക്കുകയും നയിക്കുകയും ഭരിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്നും ഞാൻ അപേക്ഷിക്കുന്നു.

### രണ്ടാമത്തെ ദിവരഹസ്യം

മംഗലവാർത്തയുടെ സമയത്ത് പരിശുദ്ധ കന്യകാ മറിയം ദൈവഹിതത്തിനു സമ്മതമറിയിച്ചപ്പോൾ, ദൈവപിതാവിനുണ്ടായ വിജയത്തെക്കുറിച്ച് ധ്യാനിക്കുക...

ദൈവത്തിന്റെ ദൂതൻ പറഞ്ഞു: "മറിയമേ, നീ ഭയപ്പെടേണ്ട. ദൈവസന്നിധിയിൽ നീ കൃപ

കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. അവൻ വലിയവനായിരിക്കും; അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവന് കൊടുക്കും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനമുണ്ടാവുകയില്ല.'' (ലൂക്ക 1:30-33)

(1 നന്മ, 10 സ്വർഗ്ഗ, 1 ത്രിത്വ)
എന്റെ നല്ല പിതാവേ, എന്നെ മുഴുവനായി അങ്ങേക്ക് ഞാൻ സമർപ്പിക്കുന്നു... എന്റെ പ്രിയപ്പെട്ട കാവൽക്കാരാ, ആരേക്കുറിച്ചുള്ള സ്നേഹമാണോ എന്നെ ഇവിടെ എത്തിച്ചിരിക്കുന്നത്, ആ ദൈവത്തിന്റെ മാലാഖേ, ഇന്നുമുതൽ എന്റെയൊപ്പം ഉണ്ടാകണമെന്നും എന്നെ പ്രകാശിപ്പിക്കുകയും നയിക്കുകയും ഭരിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്നും ഞാൻ അപേക്ഷിക്കുന്നു.

## മൂന്നാമത്തെ ദിവ്യരഹസ്യം

ഗദ്സമെൻ തോട്ടത്തിൽവച്ച് ശക്തിമുഴുവൻ പുത്രന് കൊടുത്തപ്പോൾ ദൈവപിതാവിനുണ്ടായ വിജയത്തെക്കുറിച്ച് ധ്യാനിക്കുക...

''...പിതാവേ അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ! എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ.'' അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു. അവൻ തീവ്രവേദനയിൽ മുഴുകി കൂടുതൽ തീക്ഷ്ണമായി പ്രാർത്ഥിച്ചു. അവന്റെ വിയർപ്പ് രക്തത്തുള്ളികൾപോലെ നിലത്തുവീണു.'' (ലൂക്ക 22:42-44)

(1 നന്മ, 10 സ്വർഗ്ഗ, 1 ത്രിത്വ)
എന്റെ നല്ല പിതാവേ, എന്നെ മുഴുവനായി അങ്ങേക്ക് ഞാൻ സമർപ്പിക്കുന്നു... എന്റെ പ്രിയപ്പെട്ട കാവൽക്കാരാ, ആരേക്കുറിച്ചുള്ള സ്നേഹമാണോ എന്നെ ഇവിടെ എത്തിച്ചിരിക്കുന്നത്, ആ ദൈവത്തിന്റെ മാലാഖേ, ഇന്നുമുതൽ എന്റെയൊപ്പം ഉണ്ടാകണമെന്നും എന്നെ പ്രകാശിപ്പിക്കുകയും നയിക്കുകയും ഭരിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്നും ഞാൻ അപേക്ഷിക്കുന്നു.

## നാലാമത്തെ ദിവ്യരഹസ്യം

ഓരോ തനതു വിധിയുടേയും അവസരത്തിൽ ദൈവപിതാവിനുണ്ടാകുന്ന വിജയത്തെക്കുറിച്ച് ധ്യാനിക്കുക..

''.....ധൂർത്തപുത്രൻ എഴുന്നേറ്റ് പിതാവിന്റെ അടുത്തേക്ക് ചെന്നു. ദൂരെവച്ചുതന്നെ പിതാവ് അവനെ കണ്ടു. അയാൾ മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ച് ചുംബിച്ചു. മകൻ പറഞ്ഞു: 'പിതാവേ സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്നു വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല...' പിതാവാകട്ടെ തന്റെ ദാസരോടു പറഞ്ഞു: 'ഉടനെ മേൽത്തരം വസ്ത്രംകൊണ്ടുവന്ന് ഇവനെ ധരിപ്പിക്കുവിൻ. ഇവന്റെ കയ്യിൽ മോതിരവും കാലിൽ ചെരിപ്പും അണിയിക്കുവിൻ. കൊഴുത്ത കാളക്കുട്ടിയെ കൊണ്ടുവന്ന് കൊല്ലുവിൻ. നമുക്ക് ഭക്ഷിച്ച് ആഹ്ലാദിക്കാം... എന്റെ ഈ മകൻ മൃതനായിരുന്നു. അവനിതാ വീണ്ടും ജീവിക്കുന്നു. അവൻ നഷ്ടപ്പെട്ടിരുന്നു, ഇപ്പോൾ വീണ്ടുകിട്ടിയിരിക്കുന്നു....' അവർ ആഹ്ലാദിക്കാൻ തുടങ്ങി.'' (ലൂക്ക 15:20-24)

(1 നന്മ, 10 സ്വർഗ്ഗ, 1 ത്രിത്വ)
എന്റെ നല്ല പിതാവേ, എന്നെ മുഴുവനായി അങ്ങേക്ക് ഞാൻ സമർപ്പിക്കുന്നു... എന്റെ പ്രിയപ്പെട്ട കാവൽക്കാരാ, ആരേക്കുറിച്ചുള്ള സ്നേഹമാണോ എന്നെ ഇവിടെ എത്തിച്ചിരിക്കുന്നത്, ആ ദൈവത്തിന്റെ മാലാഖേ, ഇന്നുമുതൽ എന്റെയൊപ്പം ഉണ്ടാകണമെന്നും എന്നെ പ്രകാശിപ്പിക്കുകയും നയിക്കുകയും ഭരിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്നും ഞാൻ അപേക്ഷിക്കുന്നു.

അഞ്ചാമത്തെ ദിവ്യരഹസ്യം

പൊതുവിധിയുടെ വേളയിൽ ദൈവ പിതാവിന്റെ വിജയത്തെക്കുറിച്ച് ധ്യാനിക്കുക...

"ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ആദ്യത്തെ ആകാശവും ആദത്തെ ഭൂമിയും കടന്നുപോയി. കടലും അപ്രത്യക്ഷമായി. വിശുദ്ധനഗരമായ പുതിയ ജറുസലേം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്ന് വലിയൊരു സ്വരം ഞാൻ കേട്ടു- 'ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്ത് വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും. അവിടുന്ന് അവരോടുകൂടെ ആയിരിക്കുകയും ചെയ്യും. അവിടുന്ന് അവരുടെ മിഴികളിൽനിന്ന് കണ്ണീർ തുടച്ചുനീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയിരിക്കുന്നു." (വെളി 21:1-4)

(1 നന്മ, 10 സ്വർഗ്ഗ, 1 ത്രിത്വ)

എന്റെ നല്ല പിതാവേ, എന്നെ മുഴുവനായി അങ്ങേക്ക് ഞാൻ സമർപ്പിക്കുന്നു... എന്റെ പ്രിയപ്പെട്ട കാവൽക്കാരാ, ആരേക്കുറിച്ചുള്ള സ്നേഹമാണോ എന്നെ ഇവിടെ എത്തിച്ചിരിക്കുന്നത്, ആ ദൈവത്തിന്റെ മാലാഖേ, ഇന്നുമുതൽ എന്റെയൊപ്പം ഉണ്ടാകണമെന്നും എന്നെ പ്രകാശിപ്പിക്കുകയും നയിക്കുകയും ഭരിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ദൈവപിതാവിന്റെ ലുത്തിനിയ

"ഞങ്ങളുടെമേൽ കരുണയായിരിക്കണമേ" എന്ന് ഏറ്റു ചൊല്ലുക

സ്വർഗ്ഗസ്ഥനായ ദൈവമേ...
പുത്രനും ലോകരക്ഷകനുമായ ദൈവമേ...
പരിശുദ്ധാത്മാവായ ദൈവമേ...
ഏക ദൈവമായ പരിശുദ്ധ ത്രിത്വമേ....
ലോകസൃഷ്ടാവായ പിതാവേ...
സമാധാന സ്ഥാപകനായ പിതാവേ...
അനന്ത നന്മയായ പിതാവേ...
ഔദാര്യനിധിയായ പിതാവേ...
എല്ലാറ്റിന്റേയും ആദികാരണമായ പിതാവേ...
ഏറ്റവും മാധുര്യമുള്ള പിതാവേ...
അനന്ത കരുണയായ പിതാവേ...
ഞങ്ങളുടെ മഹത്വവും സൗഭാഗ്യവുമായ പിതാവേ...
സകലരുടേയും സമ്പത്തായ പിതാവേ...
എല്ലാ രാഷ്ട്രങ്ങളുടേയും വിജയമായ പിതാവേ...
സകല ക്രിസ്ത്യാനികളുടെയും പ്രതീക്ഷയായ പികാവേ...
സഭയുടെ അലങ്കാരമായ പിതാവേ...
രാജാക്കന്മാരുടെ പ്രതാപമായ പിതാവേ...
വിഗ്രഹഭഞ്ജകനായ പിതാവേ...
ജനങ്ങളുടെ ആശ്വാസമായ പിതാവേ....
പുരോഹിതരുടെ ആനന്ദമായ പിതാവേ....
മനുഷ്യരുടെ വഴികാട്ടിയായ പിതാവേ...
കുടുംബജീവിതത്തിന്റെ ദാനമായ പിതാവേ...
ദരിദ്രരുടെ സഹായമായ പിതാവേ...
യുവാക്കളുടെ വഴികാട്ടിയായ പിതാവേ...
ശിശുക്കളുടെ കൂട്ടുകാരനായ പിതാവേ...
അടിമകളുടെ മോചനമായ പിതാവേ...
ഇരുളിൽ കഴിയുന്നവരുടെ വെളിച്ചമായ പിതാവേ...
അഹങ്കാരികളുടെ വിനാശമായ പിതാവേ...
നീതിമാന്മാരുടെ ജ്ഞാനമായ പിതാവേ...

ദുഃഖിതരുടെ ആശ്വാസമായ പിതാവേ...
അനാഥരുടെ പ്രത്യാശയായ പിതാവേ...
ആപത്തുകളിൽ രക്ഷയുടെ ഉറമുഖമായ പിചാവേ...
പാവപ്പെട്ടവരുടെ ആശ്വാസമായ പിതാവേ...
പീഡിതരുടെ സമാശ്വാസമായ പിതാവേ...
അശരണരുടെ അഭയമായ പിതാവേ...
വൃദ്ധരുടെ ആലംബമായ പിതാവേ....
മരണാസന്നരുടെ ആശ്രയമായ പിതാവേ...
ഞങ്ങളുടെ ദാഹവും ദാരിദ്രവും ശമിപ്പിക്കുന്ന പിതാവേ...
മൃതരുടെ ജീവനായ പിതാവേ...
പുണ്യവാന്മാരുടെ പുകഴ്ചയായ പിതാവേ...
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ!
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ!
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ,
കർത്താവേ, ഞങ്ങളോടു കരുണയായിരിക്കണമേ!

## സമർപ്പണ പ്രാർത്ഥന

ദൈവപിതാവേ, എനിക്ക് പരിശുദ്ധാത്മാവിന്റെ പ്രകാശവും കൃപാവരവും ശക്തിയും തന്നാലും! ഞാനൊരിക്കലും ആ ദിവ്യാത്മാവിനെ കൈവിടാതിരിക്കാനും, ദുഃഖിപ്പിക്കാതിരിക്കാനും, എന്നിൽ ബലഹീനനാകാൻ അവിടുത്തെ അനുവദിക്കാതിരിക്കാനും, ആ അരൂപിയുടെ ചൈതന്യത്തിൽ എന്നെ ശക്തനാക്കിയാലും. പിതാവേ, അങ്ങയുടെ പുത്രനായ യേശുവിന്റെ നാമത്തിൽ ഞാൻ അപേക്ഷിക്കുന്നു; യേശുവേ, അങ്ങയുടെ ഹൃദയം തുറന്ന് എന്റെ ഹൃദയത്തിൽ വയ്ക്കുക; പരിശുദ്ധ കന്യകാ മറിയത്തിന്റെ വിമലഹൃദയത്തോടു ചേർത്ത് ദൈവപിതാവിനു സമർപ്പിക്കുക! ഇതിനുവേണ്ട കൃപാവരം എനിക്ക് വാങ്ങിത്തരണമേ!.

ദിവ്യപിതാവേ, ആത്മാക്കളുടെ മാധുര്യമുള്ള പ്രത്യാശയായ അങ്ങ് എല്ലാവരാലും അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യട്ടെ. ദിവ്യപിതാവേ, സർവ്വ ജനപദങ്ങളുടേയുംമേൽ വർഷിക്കപ്പെടുന്ന അനന്തനന്മയേ, അങ്ങ് എല്ലാവരാലും അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യട്ടെ. ദിവ്യപിതാവേ, മനുഷ്യരാശിയുടെ കരുണാർദ്രഹിമബിന്ദുവേ, അങ്ങ് എല്ലാവരാലും അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യട്ടെ. ആമേൻ!

+++